ശ്രീകൃഷ്ണപുരത്തിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിക്ക് എൽ.ഐ.സി.-ൽ നിന്നും 43.40 ലക്ഷം രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്ക് 2004-05-ലെ വാട്ടർ അതോറിറ്റിയുടെ ബഡ്ജറ്റിൽ 175 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പ്രസ്തുത പദ്ധതികൾക്ക് ഗ്രാമ പഞ്ചായത്തുകളിൽ നിന്നും തുകയൊന്നും ലഭിച്ചിട്ടില്ല.

(സി) കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ 2028-ലെ പ്രതീക്ഷിത ജനസംഖ്യയായ 51248 പേർക്കും, ശ്രീകൃഷ്ണപുരം, വെള്ളിനേഴി, പുക്കോട്ടുകാവ്, കടമ്പഴിപുറം എന്നീ ഗ്രാമപഞ്ചായത്തുകളിലെ 2032-ലെ പ്രതീക്ഷിത ജനസംഖ്യയായ 142161 പേർക്കും ഈ പദ്ധതികളുടെ പ്രയോജനം ലഭിക്കും.

(ഡി) കരിമ്പുഴ പദ്ധതി 12/2005 ലേയ്ക്കും ശ്രീകൃഷ്ണപുരം പദ്ധതി 3/2006 ലേയ്ക്കും പൂർത്തിയാക്കാൻ ലക്ഷ്യമിട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത പദ്ധതികൾ

176 [1850] ശ്രീ. മഞ്ഞളാംകുഴി അലി:

„ ടി. കെ. ബാലൻ:

„ എം. വി. ഗോവിന്ദൻ മാസ്റ്റർ:

„ കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളം ലഭിക്കാത്ത പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) ഇവയുടെ ഓരോന്നിന്റെയും പണി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും;

(ഇ) എല്ലാവർക്കും കുടിവെള്ളം എന്ന ലക്ഷ്യം എന്നത്തേയ്ക്ക് കൈവരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റി നടപ്പാക്കിവരുന്ന ചെറുതും വലുതുമായ കുടിവെള്ള വിതരണ പദ്ധതികൾ സമയബന്ധിതമായി ചെയ്തു തീർക്കുന്നതോടൊപ്പം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ചെറുകിട ശുദ്ധജലവിതരണ പദ്ധതികൾ നടപ്പാക്കിയും ജലസ്രോതസ്സുകൾ പുനരുദ്ധരിച്ചും വിപുലീകരിച്ചും സാങ്കേതികമായി സാദ്ധ്യമായ സ്ഥലങ്ങളിൽ വിതരണ ശൃംഖല നീട്ടിയും അഡീഷണൽ പമ്പിംഗ് ഏർപ്പെടുത്തിയും, കുഴൽ കിണർ കുഴിച്ചും കൂടുതൽ ശേഷിയുള്ള പമ്പ് സെറ്റുകൾ സ്ഥാപിച്ചും ജലവിതരണ പൈപ്പുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയും, സപ്ലൈ വാൽവുകൾ നിയന്ത്രിച്ചും, വർഷ പദ്ധതി പ്രകാരം മഴവെള്ള സംഭരണികൾ നിർമ്മിച്ചും സുജൽധാര പദ്ധതി പ്രകാരവും കൂടുതൽ പ്രദേശങ്ങളിലേയ്ക്കും കുടിവെള്ളം എത്തിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി നടപടികൾ എടുത്തുവരുന്നു.

ഇതുകൂടാതെ ഗുണഭോക്തൃ പങ്കാളിത്തത്തോടെ സെക്ടർ റിഫോംസ് പദ്ധതി, ഈ പദ്ധതിയുടെ തുടർച്ചയായ സുജൽധാര II പദ്ധതി എന്നിവ പ്രകാരം കാസർഗോഡ്, കൊല്ലം ജില്ലകളിൽ ചെറിയ ജലവിതരണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ജലനിധികുടിവെള്ള ശുചിത്വ പദ്ധതിയനുസരിച്ച് തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലെ തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ഘട്ടം ഘട്ടമായി ചെറിയ ജലവിതരണ പദ്ധതികൾ നടപ്പാക്കി വരുന്നു. ഈ പദ്ധതി ബാക്കി പത്തു ജില്ലകളിലേയ്ക്കുകൂടി വ്യാപിപ്പിക്കാൻ സർക്കാർ തീരുമാനിച്ചതനുസരിച്ചുള്ള പ്രാരംഭ പ്രവർത്തനങ്ങളും നടന്നുവരുന്നു.

(സി) ഉണ്ട്. താഴെ പറയുന്ന പദ്ധതികൾ കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് പണികൾ നടത്തിവരുന്നു.

1. കേന്ദ്ര ഗവണ്മെന്റിന്റെ ധനസഹായത്തോടെ 88 ത്വരിത ഗ്രാമീണ ശുദ്ധജവിതരണ പദ്ധതികൾ

2. 6 ത്വരിത നഗര ശുദ്ധജലവിതരണ പദ്ധതികൾ

3. 90 ശതമാനം കേന്ദ്ര സഹായത്തോടെയും 10 ശതമാനം ഉപഭോക്തൃ വിഹിതത്തോടെയും നടപ്പിലാക്കി വരുന്ന 81 ചെറുകിട ശുദ്ധജലവിതരണ പദ്ധതികൾ

4. എൻസി/പിസി വാർഡുകളിലേയ്ക്ക് ശുദ്ധജലം എത്തിക്കുന്നതിനു വേണ്ടിയുള്ള 440 പദ്ധതികൾ

5. പ്രധാനമന്ത്രിയുടെ ഗ്രാമോദയ യോജന പദ്ധതിയിൽ ഉൾപ്പെട്ട 279 പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly

6. 90 ശതമാനം കേന്ദ്രസഹായത്തോടെയും 10 ശതമാനം ഉപഭോക്തൃ വിഹിതത്തോടെയും നടപ്പിലാക്കിവരുന്ന വർഷ പദ്ധതിയുടെ 537 മഴവെള്ള ശേഖരണ യൂണിറ്റുകൾ

7. ഗ്രാമങ്ങളിലും നഗരങ്ങളിലും ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടി എൽ.ഐ.സി./ഹഡ്കോ/ബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കിവരുന്ന 121 പദ്ധതികൾ

8. 10 ടെക്നോളജി മിഷൻ പദ്ധതികൾ

9. 90 ശതമാനം കേന്ദ്ര സഹായത്തോടെയും 10 ശതമാനം ഉപഭോക്തൃവിഹിതത്തോടെയും നടപ്പിലാക്കിവരുന്ന 200 സ്വജൽധാര പദ്ധതികൾ

10. ജെ.ബി.ഐ.സി. ധനസഹായത്തോടെ നടപ്പിലാക്കിവരുന്ന 5 സബ് പ്രോജക്ടുകൾ ഉൾപ്പെടുന്ന ബൃഹത്തായ കേരള വാട്ടർ സപ്ലൈ പ്രോജക്ട്

11. നബാർഡിന്റെ 8 പുതിയ പദ്ധതികൾ

(ഡി) ധനലഭ്യതയുടെയും സ്ഥലലഭ്യതയുടെയും അടിസ്ഥാനത്തിൽ മേൽ പറഞ്ഞ പദ്ധതികൾ 2006-07-ഓടുകൂടി പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഇ) മിതമായ തോതിലെങ്കിലും 2007-ഓടുകൂടി എല്ലാവർക്കും കുടിവെള്ളമെത്തിക്കാൻ ലക്ഷ്യമിട്ടാണ് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നത്.

വരൾച്ച നേരിടാൻ ദീർഘകാല പദ്ധതി

177 [1851] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടർച്ചയായുണ്ടാകുന്ന വരൾച്ച ഒഴിവാക്കുന്നത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും ദീർഘകാല പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് നേരിട്ടുകൊണ്ടിരിക്കുന്ന വരൾച്ച നേരിടുന്നതിന് ഇപ്പോൾ പ്രാമുഖ്യം നൽകി ആവിഷ്ക്കരിച്ചിട്ടുള്ളത് മഴവെള്ള സംഭരണ

LIBRARY ARCHIVES Kerala Legislative Assembly